## ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ 2011-ലാണ് നമ്പർ പതിക്കുന്ന നടപടി അവസാനമായി ചെയ്തത്. എന്നാൽ സംസ്ഥാനത്തെ കെട്ടിടങ്ങൾ ഏകീകരിച്ച രീതിയിലുള്ള നമ്പർ പ്ലേറ്റ് പതിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും 3-2-2006-ലെ 315/2006/തസ്വഭവ നമ്പർ ഉത്തരവ്പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 2011-ലെ വസ്തുനികുതി പരിഷ്കരണത്തിലെ നികുതി നിർണ്ണയം നടപ്പിലാക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്ത് രേഖകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) 1993-ലാണ് ഗ്രാമപഞ്ചായത്തുകളിൽ അവസാനമായി വസ്തുനികുതി പരിഷ്കരിച്ചത്. കെട്ടിടത്തിന്റെ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചിരുന്ന രീതി ഒഴിവാക്കുകയും തൽസ്ഥാനത്ത് തറ വിസ്തീർണ്ണവും മറ്റുഘടകങ്ങളും അടിസ്ഥാനമാക്കി വസ്തു നികുതി നിർണ്ണയിക്കുന്നതിനായുള്ള പുതിയ ചട്ടങ്ങൾ 2011-ൽ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ നികുതിദായകർക്ക് 2011 ജനുവരി 14 മുതൽ പ്രാബല്യത്തിൽ ബാധകമാക്കിയിട്ടുള്ളതുമാണ്. എന്നാൽ വാർഷിക വാടക മൂല്യം അടിസ്ഥാനമാക്കി നികുതി നൽകുന്നവർക്ക് പുതിയ നിരക്കിലുള്ള വസ്തു നികുതി പരിഷ്കരണം 1-4-2013 തീയതി പ്രാബല്യത്തിലാണ് ബാധകമാക്കിയിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണ നടപടികൾ ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ നമ്പർ രേഖപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

### കെട്ടിട നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുമതി വാങ്ങേണ്ടതില്ലായെന്ന സർക്കാർ തീരുമാനം

133 (5999) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് മേഖലകളിൽ കെട്ടിടനിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുമതി വാങ്ങേണ്ടതില്ല എന്ന തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നീർത്തടങ്ങളും, വെള്ളക്കെട്ടുകളും, വയലുകളും നികത്തി വീട് വയ്ക്കുന്നതിന് മുൻകൂർ അനുമതി വാങ്ങേണ്ടതില്ലെന്നോ, നികത്തി വീട് വച്ചതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകിയാൽ മതിയെന്നോ ഉത്തരവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) 14-2-2011-ലെ സ.ഉ.(എം എസ്.)നമ്പർ 41/2011/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ള കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടത്തിന്റെ അദ്ധ്യായം XXI-ലെ ചട്ടം 133-ൽ കുടിലുകൾക്കും, കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിലെ 300 ചതുരശ്ര മീറ്റർ വരെയുള്ളതും, രണ്ട് നിലയുള്ളതുമായ ഏക കുടുംബ വാസഗൃഹങ്ങൾക്കും 150 ചതുരശ്രമീറ്റർ വരെ തറ വിസ്തീർണ്ണമുള്ളതും, രണ്ട് നിലയുള്ളതുമായ ഗ്രൂപ്പ് A2, F വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്കും, കോഴി, കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾക്കും, പാരമ്പര്യമായുള്ള കയർ യൂണിറ്റുകൾ, കൈത്തറി, കശുവണ്ടി യൂണിറ്റുകൾക്കും, കാർപെന്ററി ആന്റ് സ്മിത്തി യൂണിറ്റുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പെർമിറ്റ് ആവശ്യമില്ല എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ചട്ടത്തിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നീർത്തടങ്ങളും, വെള്ളക്കെട്ടുകളും, വയലുകളും നികത്തി വീട് വയ്ക്കുന്നതിന് മുൻകൂർ അനുമതി വാങ്ങേണ്ടതില്ലെന്നോ നികത്തി വീട് വച്ചതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകിയാൽ മതിയെന്നോ ഉള്ള സർക്കാർ ഉത്തരവ് നിലവിൽ ഇല്ല.

## പഞ്ചായത്ത് പ്രദേശങ്ങളിലെ വീട്ടുകരം

134 (6000) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത്പ്രദേശങ്ങളിലുള്ള വീടുകളുടെ വീട്ടുകരം ഇപ്പോൾ സ്വീകരിച്ചുവരുന്നത് ഏതു വർഷം തയ്യാറാക്കിയിട്ടുള്ള അടിസ്ഥാന നികുതി നിർണ്ണയ രജിസ്റ്ററിന്റെ അടിസ്ഥാനത്തിലാണ് ;

(ബി) ഇപ്പോൾ വീടുകൾക്ക് ചുമത്തിയിട്ടുള്ള നികുതി നിരക്കുകൾ എത്രയൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ; ആയത് ഏതുവർഷം നടപ്പാക്കിയ നിരക്കാണ് ;

(സി) 2010-ലെ പുനക്രമീകരിക്കപ്പെട്ട വാർഡുകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിർണ്ണയ രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിനും ആയതനുസരിച്ച് ഇപ്പോൾ നിലവിലുള്ള വീട്ടുകരത്തിന് മാറ്റം വരുത്തുന്നതിനും എടുത്ത തീരുമാനം മാറ്റി വെയ്ക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) വിവിധയിനങ്ങളിലായി പഞ്ചായത്തുകളുടെ ചെലവുകൾ വർദ്ധിച്ചിട്ടുള്ളതിനാൽ പുനഃക്രമീകരിക്കപ്പെട്ട വാർഡുകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിർണ്ണയ രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിനും പുതുക്കിയ നിരക്കിലുള്ള നികുതി ഏർപ്പെടുത്തി പഞ്ചായത്തുകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.